പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3424 — 29.1.2014-ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ മാലിന്യസംസ്കരണം

ചോദ്യം — ഉത്തരം

ശ്രീ. എസ്. ശർമ്മ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പു മന്ത്രി)

എ) മാലിന്യ സംസ്ക്കരണത്തിനായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വൈപ്പിൻ മണ്ഡലത്തിലെ ഓരോ പഞ്ചായത്തുകൾക്കും അനുവദിച്ച തുക എത്രയെന്നും ഏതെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ തുക അനുവദിച്ചതെന്നും വ്യക്തമാക്കാമോ; അനുവദിച്ച തുകയുടെ എത്ര ശതമാനം ഓരോ പഞ്ചായത്തും ചെലവഴിച്ചുവെന്നും എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നും വിശദമാക്കാമോ;

എ) വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് അനുവദിച്ച തുകയും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത പദ്ധതികളും സംബന്ധിച്ച വിവരം താഴെപ്പറയുന്നു :-

| | ഗ്രാമ പഞ്ചായത്തുകൾ | അനുവദിച്ച തുക | പദ്ധതികൾ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | നായരമ്പലം | 1,92,720 | സമഗ്ര മാലിന്യ സംസ്കരണ പദ്ധതി, ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ് | ഇല്ല |
| 2 | കുഴുപ്പിള്ളി | തുക അനുവദിച്ചിട്ടില്ല | | |
| 3 | ഞാറയ്ക്കൽ | 16,32,500 | പൈപ്പ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | ഇല്ല |
| 4 | എളങ്കുന്നപ്പുഴ | 21,00,000 | ബയോഗ്യാസ് പ്ലാന്റ് | ഇല്ല |
| 5 | കടമക്കുടി | തുക അനുവദിച്ചിട്ടില്ല | | |
| 6 | പള്ളിപ്പുറം | 6,60,600 | പൈപ്പ് കമ്പോസ്റ്റ്, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | ഇല്ല |
| 7 | എടവനക്കാട് | 20,00,000 | ബയോഗ്യാസ് പ്ലാന്റ് | ഇല്ല |

ബി) മാലിന്യ സംസ്കരണത്തിന് ഏറ്റവും ഫലപ്രദവും, നവീനവുമായ ഏത് പദ്ധതിയാണ് നടപ്പിലാക്കുന്നതിലേക്കായി സർക്കാർ നിശ്ചയിച്ചതെന്ന് വ്യക്തമാക്കാമോ?

ബി) മാലിന്യ സംസ്കരണത്തിന് ഗ്രാമപഞ്ചായത്തുകളിൽ ഉറവിടമാലിന്യ സംസ്കരണ പദ്ധതികളാണ് ഏറ്റവും ഫലപ്രദമായ രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ